©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2026 ഫെബ്രുവരി 18<br>18th February 2026<br>1201 കുംഭം 6<br>6th Kumbham 1201<br>1947 മാഘം 29<br>29th Magha 1947 | നമ്പർ<br>No. | 660 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P)No.24/2026/TAXES. *Dated, Thiruvananthapuram, 17th February, 2026*
*5th Kumbham, 1201*

**S. R. O. No. 200/2026**

In exercise of the powers conferred by sub section (2) of section 78 of the Registration Act, 1908 (Central Act XVI of 1908), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the fee payable under the said Act for the registration of conveyance of 33.5 Acres (1355.73 ares) of land in re -survey No. 24 (old survey No. 1166/1/3) in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Block 10 in Irumbanam Desam, Thiruvamkulam Village in Kanayannur Taluk in Ernakulam District owned by the Traco Cables Company Limited to the Infoparks Kerala.

By order of the Governor,

K R JYOTHILAL
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Chief Executive Officer, Infoparks Kerala has requested the Government to grant exemption from payment of registration fee required for the registration of conveyance of 33.5 acres (1355.73 ares) of land in re-survey No. 24 (old survey No. 1166/1/3) in Block 10 in Irumbanam Desam in Thiruvamkulam Village in Kanayannur Taluk in Ernakulam District owned by the Traco Cables Company Limited to the Infoparks Kerala. The Government have examined the matter in detail and have decided to allow the request in public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.18 02:28:08 +05:30

©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2026 ഫെബ്രുവരി 18<br>18th February 2026<br>1201 കുംഭം 6<br>6th Kumbham 1201<br>1947 മാഘം 29<br>29th Magha 1947 | നമ്പർ<br>No. 661 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P)No.25/2026/TAXES. *Dated, Thiruvananthapuram, 17th February, 2026*
*5th Kumbham, 1201*

**S. R. O. No. 201/2026**

In exercise of the powers conferred by clause (a) sub section(1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the stamp duty chargeable under the said Act for the registration of conveyance of 33.5 Acres (1355.73 ares) of land in re -survey No. 24 (old survey No. 1166/1/3) in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Block 10 in Irumbanam Desam, Thiruvamkulam Village in Kanayannur Taluk in Ernakulam District owned by the Traco Cables Company Limited to the Infoparks Kerala.

By order of the Governor,

K R JYOTHILAL
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Chief Executive Officer, Infoparks Kerala has requested the Government to grant exemption from payment of stamp duty required for the registration of conveyance of 33.5 acres (1355.73 ares) of land in re-survey No. 24 (old survey No. 1166/1/3) in Block 10 in Irumbanam Desam in Thiruvamkulam Village in Kanayannur Taluk in Ernakulam District owned by the Traco Cables Company Limited to the Infoparks Kerala. The Government have examined the matter in detail and have decided to allow the request in public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.18 02:31:04 +05:30

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. ജെ1/245/2025/നി.വ.    ഇനം നം: 3647

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - ട്രാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ ഭൂമി ഇൻഫോപാർക്ക്സ് കേരളയ്ക്ക് കൈമാറുന്നതിലേയ്ക്കായി മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണമെന്ന ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(T)
13/2

3647

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ1/245/2025/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ - ടാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ ഭൂമി ഇൻഫോപാർക്ക്സ് കേരളയ്ക്ക് കൈമാറുന്നതിലേയ്ക്കായി മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണമെന്ന ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 03.02.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.പാട്ടീൽ അജിത് ഭഗവത് റാവു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.02.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ടാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ ഭൂമി ഇൻഫോപാർക്ക്സ് കേരളയ്ക്ക് കൈമാറുന്നതിലേയ്ക്കായി മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണമെന്ന ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച അപേക്ഷ സംബന്ധിച്ചതാണീ കുറിപ്പ്.

2. വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ ടാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഇരുമ്പനത്തുള്ള 33.5 ഏക്കർ ഭൂമി കമ്പനിയുടെ നിലവിലുള്ള പ്രതിസന്ധി മറികടക്കുന്നതിനായി 200 കോടി രൂപയ്ക്ക് ഇൻഫോപാർക്കിന് കൈമാറുന്നതിന് 18/10/2025 തീയതിയിലെ സ.ഉ.(കൈ)നം. 78/2025/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഭൂമി കൈമാറ്റത്തിന്റെ രജിസ്ട്രേഷൻ ഫീസും മുദ്രവിലയും ഒഴിവാക്കി നൽകുന്ന കാര്യം നികുതി വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അതിനാൽ മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണമെന്നാണ് ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നത്.

3. അപേക്ഷയിൽ പരാമർശിക്കുന്ന വസ്തു എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, തിരുവാങ്കുളം വില്ലേജിൽ, ഇരുമ്പനം ദേശത്ത് റീസർവ്വേ ബ്ലോക്ക് 10 ൽ റിസർവ്വേ നമ്പർ 24 (പഴയ സർവ്വേ നമ്പർ 1166/1/3) ൽ ഉൾപ്പെടുന്ന 33.5 ഏക്കർ (1355.73 ആർസ്) ഭൂമിയാണ്. മേൽ വസ്തുവിന്റെ ഡിജിറ്റൽ ബ്ലോക്ക് 008 ഉം ഡിജിറ്റൽ സർവ്വേ നമ്പർ 1 ഉം തണ്ടപ്പേർ നമ്പർ 734 ഉം ആണ്. ടി വസ്തുവിന്റെ മുന്നാധാരം/പട്ടയം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ലായെന്നും, റവന്യൂ വകുപ്പിൽ നിന്നുള്ള നികുതിയൊടുക്ക് രസീത് പ്രകാരം തണ്ടപ്പേർ നമ്പർ 734 ൽ തണ്ടപ്പേർ കക്ഷിയായ "മാനേജിംഗ് ഡയറക്ടർ, ടാക്കോ കേബിൾ കമ്പനി" പേരിൽ കരമൊടുക്കി വരുന്നതായി കാണുന്നുവെന്നും, എന്നാൽ ന്യായവില രജിസ്റ്ററിൽ ടി റീ സർവ്വേ നമ്പറിൽ സർക്കാർ ഭൂമിയായി കാണുന്നുവെന്നും സബ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി ഭൂമിയുടെ മുഴുവൻ അളവ് ഡിജിറ്റൽ സർവ്വേ പ്രകാരം 13 ഹെക്ടർ 71

ആർ 8.93 ചമീറ്റർ ആണ്. ടി റീസർവ്വേ നമ്പർ 24 ൽ Residential Plot with NH/PWD Road Access എന്ന ക്ലാസിഫിക്കേഷനിൽ 15,84,000/- രൂപ വില ആറിന് (Ares) നിശ്ചയിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം അപേക്ഷയിൽ പരാമർശിക്കുന്ന മൊത്തം വിസ്തീർണ്ണമായ 1355.73 ആർസ് വസ്തുവിന് ആകെ 214,74,76,320/- രൂപ വില കണക്കാക്കാവുന്നതാണ്. അപേക്ഷ പരിഗണിച്ച് ഇളവ് അനുവദിക്കുകയാണെങ്കിൽ 8% നിരക്കിൽ മുദ്രയിനത്തിൽ 17,17,98,106/- (പതിനേഴ് കോടി പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി ഒരുനൂറ്റിആറ്) രൂപയും 2% നിരക്കിൽ രജിസ്ട്രേഷൻ ഫീസിനത്തിൽ 4,29,49,526/- (നാല് കോടി ഇരുപത്തി ഒമ്പതുലക്ഷത്തി നാൽപ്പത്തിയൊമ്പതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ്) രൂപയും കൂടി ആകെ 21,47,47,632/- (ഇരുപത്തിയൊന്ന് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി അറുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) രൂപയുടെ റവന്യൂ നഷ്ടം സർക്കാരിനുണ്ടാകുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. 1959 ലെ കേരള മുദ്രപത്ര നിയമം 9(1)(a) വകുപ്പ് പ്രകാരവും 1908 ലെ രജിസ്ട്രേഷൻ ആക്ട് 78(2) വകുപ്പ് പ്രകാരവും പൊതു താൽപര്യാർത്ഥം ആവശ്യമെന്നു കണ്ടാൽ സർക്കാരിന് യഥാക്രമം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കാവുന്നതാണ്.

5. ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് നൽകുന്നതിന് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 03/02/2026 തീയതിയിൽ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

6. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ധനകാര്യവകുപ്പിന്റെ ഫയലിൽ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, തിരുവാങ്കുളം വില്ലേജിൽ, ഇരുമ്പനം ദേശത്ത് റീസർവ്വേ ബ്ലോക്ക് 10 ൽ റിസർവ്വേ നമ്പർ 24 (പഴയ സർവ്വേ നമ്പർ 1166/1/3) ൽ ഉൾപ്പെട്ടുന്ന ടാക്കോ കേബിൾ കമ്പനിയുടെ 33.5 ഏക്കർ (1355.73 ആർസ്) ഭൂമി ഇൻഫോപാർക്ക്സ് കേരളയ്ക്ക് കൈമാറുന്നതിന്റെ രജിസ്ട്രേഷന് മുദ്രവിലയിലും, രജിസ്ട്രേഷൻ ഫീസിലും ആവശ്യമായ 21,47,47,632/-രൂപ (ഇരുപത്തിയൊന്ന് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി അറുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) ഇളവ് ചെയ്ത് നൽകാമോ?